## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2320

08.12.2015-ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ലോൺ കുടിശ്ശികയടവിനത്തിൽ ഇളവുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലോൺ കുടിശ്ശികയടവിനത്തിൽ ഏതെല്ലാം തരത്തിലുള്ള ഇളവുകൾ ലഭ്യാമാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; | (എ) ഒന്നരലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50,000/- രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 10.12.2013 ലെ സ.ഉ.(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും, ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് അർഹമായ തുക |

സംഘങ്ങൾക്ക് അനുവദിച്ച്
നൽകുന്നതാണ്.
ഒന്നര ലക്ഷം രൂപാവരെ
വാർഷിക കുടുംബ വരുമാനമുള്ള
പട്ടികജാതി വിഭാഗക്കാർ
സഹകരണ സ്ഥാപനങ്ങളിൽ
നിന്നും എടുത്തിട്ടുള്ളതും
31.3.2010-ൽ കാലാവധി
കഴിഞ്ഞ് കുടിശ്ശികയായതുമായ
ഒരു ലക്ഷം രൂപ വരെയുള്ള
വായ്പകൾക്ക് കടാശ്വാസം
അനുവദിച്ച് 30.3.2015 ലെ സ.ഉ.
(അച്ചടി) 24/15/പജപവവിവ
നമ്പർ പ്രകാരം സർക്കാർ
ഉത്തരവായിട്ടുണ്ട്. ടി
ഉത്തരവിന് അനുസൃതമായ
പദ്ധതി സഹകരണ
സംഘങ്ങളിൽ നടപ്പാക്കുന്നതിന്
സഹകരണ വകുപ്പ് നടപടി
സ്വീകരിച്ചിട്ടുണ്ട്.
31.3.2010-ൽ കാലാവധി
കഴിഞ്ഞ് കുടിശ്ശികയായ
വായ്പകൾക്കാണ് 30.3.2015 ലെ
സ.ഉ(അച്ചടി)
24/15/പജപവവിവ നമ്പർ
ഉത്തരവ് പ്രകാരം
ആനുകൂല്യത്തിന്
അർഹതയുള്ളത്.
ആനുകൂല്യത്തിന് അർഹത
നേടുന്നതിന് വായ്പക്കാരൻ ജാതി,
വരുമാന സർട്ടിഫിക്കറ്റുകൾ
ബന്ധപ്പെട്ട വായ്പാ സംഘങ്ങളിൽ
ഹാജരാക്കേണ്ട സമയപരിധിയും,
വായ്പാക്കാരന്റെ വിഹിതം
സംഘത്തിൽ അടക്കേണ്ട
സമയപരിധിയും 31.8.2015
എന്ന് നിർദ്ദേശിച്ച സഹകരണ
സംഘം രജിസ്ട്രാർ സർക്കുലർ
നിർദ്ദേശം നൽകിയിട്ടുണ്ട്.
14.7.15 ലെ സ.ഉ.(കൈ)
54/15/പജപവവിവ നമ്പർ
ഉത്തരവ് പ്രകാരം
പട്ടികവർഗ്ഗക്കാരുടെ
വായ്പകൾക്ക് കടാശ്വാസം
അനുവദിക്കുന്നതിനുള്ള

ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ ? | (ബി) | പട്ടികജാതി കടാശ്വാസ പദ്ധതിയിൻ കീഴിൽ ആനുകൂല്യ അർഹത ഉറപ്പുവരുത്തുന്നതിന് വായ്പക്കാരൻ ഒന്നര ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള ആളാണെന്നും, പട്ടികജാതിക്കാരനാണെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിൽ നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കണമെന്ന് നിർദ്ദേശം നല്കിയിരുന്നു. |

സെക്ഷൻ ഓഫീസർ